നർമ്മദ സമരം 25 വർഷങ്ങൾ

**നർമ്മദ ബച്ചാവോ ആന്ദോളന്റെ സജീവപ്രവർത്തകനും നിമാഡിലെ കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികളെ സമരത്തിൽ സജീവമാക്കിയ സംഘാടകനുമായ ആശിഷ് മണ്ഡോലി ആർ.എസ്.എസുകാരനിൽ നിന്നും എൻ.ബി.എയുടെ പ്രവർത്തകനായി മാറിയ വഴികൾ വിവരിക്കുന്നു. 2010 മെയിൽ ഹൃദയാഘാതത്തെ തുടർന്ന് ആശിഷ് അന്തരിച്ചു. നർമ്മദ സമരപ്രവർത്തകർ അനുഭവങ്ങൾ വിവരിക്കുന്ന പ്ലൂരൽ നറേറ്റീവ്സ് എന്ന പുസ്തകത്തിൽ നിന്നുമാണ് ഈ കുറിപ്പ്**

# സമരപ്രവർത്തകൻ രൂപപ്പെട്ട വഴികൾ

എന്റെ അച്ഛൻ എന്നെ ഒരു പാടു കാര്യങ്ങളിലെക്ക് നയിച്ചു, ഞാൻ പത്താം ക്ലാസിലായിരുന്നു.അച്ഛൻ ആർ എസ് എസ്സിന്റെ ഉന്നതശ്രേണിയിലുള്ള പ്രവർത്തകനായിരുന്നു. എല്ലാ തരത്തിലുള്ള ജനങ്ങളുമായും നല്ല ബന്ധം ആയിരുന്നു. ജീവിതത്തെ പറ്റി രസകരമായ കാഴ്ച്ചപ്പാടുകൾ ഉണ്ടായിരുന്ന അച്ഛൻ എന്നെ ആർ എസ് എസ്സിൽ ചേരാൻ പ്രേരിപ്പിച്ചു. സാംസ്കാരിക ഇടപെടലിലൂടെ സ്ഥാപനങ്ങളും രാഷ്ട്രങ്ങളും എങ്ങനെ വാർത്തെടുക്കാമെന്ന് ആർ എസ്സ് എസ്സാണ് എന്നെ പഠിപ്പിച്ചത്. എന്ത് ജോലി തന്നാലും ഞാൻ സമർപ്പണഭാവത്തോടെ അത് ചെയ്തു. ആർ എസ്സ് എസ്സാണെനിക്ക് ഉറപ്പും ജീവിതദിശാബോധവും തന്നത്. അന്ന് ഞാൻ നർമദാ ബചാവോ ആന്ദോളനെ (എൻ ബി എ) പിന്താങ്ങിയിരുന്നില്ല. കാരണം ആർ എസ്സ് എസ്സ് അതിനെതിരായിരുന്നു. അന്നെനിക്കതറിയാമായിരുന്നില്ല. ഗാന്ധിജിയോടും ഗാന്ധിസത്തിനോടും ആർ എസ്സ് എസ്സിനു തീർത്താൽ തീരാത്ത പക ഉണ്ടായിരുന്നു. അത് കൊണ്ടാണ് അവർ എൻ ബി എയെ എതിർത്തത്. കാരണം ഗാന്ധിയൻ അഹിംസയും മറ്റു മൂല്യങ്ങളും ബാബാ ആംതേ, മേധാ ദീദി എന്നിവരിൽ ഉണ്ടായിരുന്നല്ലൊ. വാസ്തവത്തിൽ ആർ എസ്സ് എസ്സ് ആന്ദോളന് എതിരല്ല. സ്വദേശി, സ്വാശ്രയത്വം എന്നിവ അവർക്കും ഇഷ്ടപ്പെട്ടതായിരുന്നല്ലോ.

വിമർശനാത്മകമായും അപഗ്രഥനാത്മകമായും യുക്തിപരമായും ചിന്തിക്കുക എന്നത് എന്റെ വ്യക്തിത്വത്തിൽ ഉണ്ടായിരുന്നു. ആർ എസ്സ് എസ്സിന്റെ വേദിയിലും ഞാൻ പല ചോദ്യങ്ങൾ ഉയർത്തി. എൻ ബി എയെക്കുറിച്ച്, ശാഖകളിൽ മുസ്ലീമുകളെ ഉൾപ്പെടുത്താത്തതിനെക്കുറിച്ച് ഞാൻ ചോദ്യങ്ങൾ ഉയർത്തി. ഞാൻ ശാഖ നടത്തിയപ്പോഴൊക്കെ മുസ്ലിം

മൊഴിമാറ്റം: വി.എം. ഗിരിജ

കുട്ടികളെ കൊണ്ടുവരുമായിരുന്നു. ജനജീവിതത്തെ താറുമാറാക്കുന്ന, അവരുടെ കിടപ്പാടങ്ങൾ നശിപ്പിക്കുന്ന അണക്കെട്ട് പദ്ധതിയെ എതിർക്കാത്തതെന്താണെന്ന് ചോദിക്കുമ്പോൾ നേതാക്കന്മാർക്ക് ശരിക്ക് മറുപടി ഉണ്ടായിരുന്നില്ല. നിമാഡിലെ മിക്ക ജനങ്ങളും എൻ ബി എ യെ പിന്താങ്ങി. അതുകൊണ്ട് അവർക്ക് ആന്ദൊളനെ തള്ളി പറയാനും പറ്റിയില്ല. ദേവാലയത്തിൽ കടക്കുമ്പോൾ ചെരിപ്പഴിച്ച് വെയ്ക്കും പോലെ ഇവിടേക്ക് വരുമ്പോൾ മത രാഷ്ട്രീയ വിശ്വാസങ്ങൾ അഴിച്ച് വെയ്ക്കാൻ എൻ ബി എക്കാർ പറഞ്ഞു. എന്നാൽ എന്നിൽ യുക്തിചിന്തയ്ക്ക് വളം വെച്ച ആർ എസ്സ് എസ്സിന് അത് പറ്റില്ലായിരുന്നു. അവരുടെ വാക്കും പ്രവൃത്തിയും തമ്മിൽ ബന്ധമില്ലെന്ന് എനിക്കപ്പോൾ മനസ്സിലായി.

എനിക്ക് 16 വയസ്സുള്ളപ്പോൾ ആന്ദോളന് ഗ്രാമങ്ങളിലെല്ലാം നല്ല സ്വാധീനമുണ്ടായിരുന്നു. സർക്കാർ ഉദ്യോഗസ്ഥന്മാർ എന്ന് സംശയിച്ച ആരെയും കടത്തി വിടില്ലായിരുന്നു. എന്റെ അനുജൻ മനീഷ് എന്നെക്കാൾ മുൻപേ ആന്ദോളന്റെ യുവ വിഭാഗത്തിൽ പ്രവർത്തിച്ചു. ഞാൻ അതെല്ലാം മനസ്സിലാക്കാൻ പിന്നെയും കാലം എടുത്തു. എന്നെ അൽഭുതപ്പെടുത്തിയത് ആ യുവാക്കൾ മറ്റു അണക്കെട്ടുകളിൽ പോയി അവരുടെ അനുഭവം പഠിച്ചു എന്നാണ്. ഉദാഹരണം ബർഗ്ഗി അണക്കെട്ട്. അവിടത്തുകാർ സർക്കാരിന്റെ ചക്കരവാക്കിൽ മയങ്ങി സ്വന്തം സ്ഥലം വിട്ടുകൊടുത്തു. പക്ഷേ സർക്കാർ അവരെ ചതിച്ചു. പുനരധിവാസം നടന്നില്ല..

ബാബാ ആംതെയുടെ രാജ്ഘട്ടിൽ നിന്ന് കാൽഘട്ടി ലേക്കുള്ള സൈക്കിൾമാർച്ചിൽ ഞാനും അണിചേർന്നു. അതെന്റെ ആദ്യത്തെ റാലിയായിരുന്നു. നീതി, മനുഷ്യത്വം എന്നിവയുടെ പേരിൽ പ്രചോദിതരായ, താഴ്വരയിലേയ്ക്ക് വന്ന് അത് സംരക്ഷിക്കാൻ അവിടുത്തെ ജനങ്ങളൊട് തോൾ ചേർന്ന് നിൽക്കുന്ന ആയിരക്കണക്കിനു ചെറുപ്പക്കാരെ ഞാൻ കണ്ടു. പിന്നീട്



**നീതിക്കും സത്യത്തിനുമായി പോരാടാൻ എൻ. ബി. എ നമ്മെ പ്രചോദിപ്പിക്കുന്നു, ആവേശം തരുന്നു. ആദിവാസികൾ കരുതുന്നത് സമരമില്ലായിരുന്നെങ്കിൽ സർക്കാർ എന്നേ അവരെ ചവിട്ടിയരച്ച് കൊന്നേനേ എന്നാണ്. സമരം അവരെ പൊതുജനങ്ങൾക്കും ലോകത്തിനും മുൻപിൽ ദൃശ്യരാക്കി. ഇനി അവരെ എളുപ്പത്തിൽ നശിപ്പിക്കാൻ പറ്റില്ല**

1992ൽ ഞാൻ ലോക് നിവാദ പരിപാടിയിൽ പങ്കെടുത്തു.അപ്പൊഴാണ് ഞാൻ ആന്ദോളനിൽ പങ്കെടുക്കുന്ന രണ്ട് സ്ത്രീകളെ പരിചയപ്പെടുന്നത്, അരുന്ധതിധുരുവും ജ്യോതീ കേൽക്കറും. അവരുമായി നടത്തിയ ചർച്ചയാണ് ആന്ദൊളനിൽ ഉറച്ചു നിൽക്കാനുള്ള കരുത്ത് നൽകിയത്. അവരുടെ പ്രവർത്തന രീതിയിൽ അധികാരവും ഉച്ചനീചത്വവും ഉണ്ടായിരുന്നില്ല. യുവനേതാക്കളെ പ്രോത്സാഹിപ്പിച്ചിരുന്നു. രാജ്ഘട്ടിൽ ആയിരങ്ങൾ പങ്കെടുത്ത പരിപാടി ഞാൻ ഓർക്കുന്നു.എന്നെ സ്റ്റേജിലേക്ക് വിളിച്ചു. എനിക്ക് ആദ്യം പരിഭ്രമം ഉണ്ടായെങ്കിലും പിന്നെ ഒരിക്കലും തിരിഞ്ഞ് നോക്കേണ്ടി വന്നിട്ടില്ല.

1993ൽ ഞാൻ ഗുജറാത്തിലേയ്ക്ക് സമരാവശ്യത്തിന് വേണ്ടി പോയി. ഗുജറാത്തിലെ നിമാഡിൽ നർമദാസമരക്കാർ അപമാനിക്കപ്പെടും എന്നായിരുന്നു എന്റെ വിചാരം. എന്നിട്ടും കനാൽ കൊണ്ട് ദുരിതമനുഭവിക്കുന്ന ഗ്രാമങ്ങളിൽ പോയി. മഴ നനഞ്ഞ് അര വരെ വെള്ളമുള്ള തോടുകൾ നീന്തി യാത്ര..ഭാഷ അറിയില്ലെങ്കിലും എല്ലാ ഗ്രാമീണരുമായും ഞാൻ സംവദിച്ചു. ആ അനുഭവങ്ങളാണ് എന്നെ ഒരു സമരക്കാരനാക്കിയത്.

മണിബേലി മുങ്ങുന്നത് ആ സമയത്താണ്. അവിടേക്ക് ഭക്ഷ്യവസ്തുക്കൾ കൊണ്ടുവരേണ്ടി വന്നു. 25 കിലോ തൂക്കമുള്ള ധാന്യച്ചാക്കുകളും മറ്റും കാടിലൂടെ കടത്തിക്കൊണ്ടു വരികയാണ് ചെയ്തത്.വല്ലാത്തോരനുഭവമായിരുന്നു അത്. അതുകഴിഞ്ഞ് ദെൽഹി മാർച്ച്. എന്റെ ആദ്യ തീവണ്ടിയാത്ര. ടിക്കറ്റ് എടുക്കാതെ കൂട്ടമായി പോയി. ടിക്കറ്റ് എടുക്കാത്തതിന് പോലിസ് പിടിച്ചു.നർമദാസമരഗാനങ്ങളും മുദ്രാവാക്യങ്ങളും പാടി ആ സമയം ഊർജ്ജസ്വലമാക്കി. ആ മൂന്നു ദിവസം നിരവധി അത്ഭുതകരമായ അനുഭവങ്ങൾ എനിക്ക് തന്നു. ജലത്തിനടിയിലാവൽ, ദുരിതാശ്വാസം നൽകൽ, യാത്ര, ജനങ്ങളെ അടുത്തറിയൽ, അറസ്റ്റ് അങ്ങനെ എന്തെല്ലാം.!

നർമ്മദാസമരത്തിൽ അധീശത്വമോ ഫ്യൂഡലിസമോ ഇല്ല. അത് തീർത്തും ജനാധിപത്യപരമാണ്/അല്ല എന്ന് വേർതിരിക്കാനും പറ്റില്ല.മേധാ പാട്ക്കറെ പോലെ ഉള്ള ഒരു സ്ത്രീ വന്ന് താഴ്വരയെ സംഘടിപ്പിച്ചു. അവർ അന്ന് ക്ഷേത്രങ്ങൾക്കുള്ളിലൊക്കെ ആരുമറിയാതെ ഉറങ്ങി. അക്കാലത്ത് ജനങ്ങളുടെ ഹൃദയം കവരുക, സ്വാധീനിക്കുക എന്നതായിരുന്നു പ്രധാന ആവശ്യം. പിന്നെ പല ഭാഷാ, സംസ്കാരക്കാരെ ഒരുമിപ്പിക്കുക എന്നതും. ഭൂമിയില്ലാത്ത തൊഴിലാളികളായാണ് നിമാഡിൽ ആദിവാസികളെ ക

ണ്ടിരുന്നത്. ആ രീതി മാറ്റി സമത്വ ഭാവന കൈവരുത്താൻ ഒരുപാട് ശ്രമിക്കേണ്ടിവന്നു. ഒപ്പം സർക്കാരിനെ എതിർത്ത് പോരാടലും. അത് ജനാധിപത്യപരമല്ലായിരുന്നു എന്ന് പറയാൻ വിഷമമാണ്. എൻ ബി എ രണ്ടു വിരുദ്ധ രാഷ്ട്രീയ കക്ഷികളെ ഒരുമിച്ച് പോരാടാൻ സമന്വയിപ്പിച്ചത് ജനാധിപത്യം ഒന്നു കൊണ്ട് മാത്രമാണ്. തീർത്തും ജനാധിപത്യപരം അല്ലെങ്കിലും നേതൃത്വം,സമരക്കാർ,ജനങ്ങൾ എല്ലാവരും പരസ്പരം മനസ്സിലാക്കിയിരുന്നു.

എൻ ബി എ ഒരിക്കലും ഔപചാരികമായി അതിന്റെ നേതൃത്വം രൂപീകരിച്ചില്ല,പിന്നെ എപ്പോഴാണ് നേതാവിനെ കുറിച്ചുള്ള വിവാദം എല്ലാം വന്നത്?നമ്മൾ എല്ലാ വേർതിരിവും ഉപേക്ഷിച്ച് ഒരു കാര്യത്തിനു കൂടിയവരാണെങ്കിൽ പിന്നെ പ്രാദേശികനേതാവ്,വരത്തൻ എന്നൊക്കെ ഉള്ള വിലയിരുത്തലിന് എന്തു പ്രസക്തി? മേധാദീദി നിമാഡ് കാരിയല്ലെന്ന് ഇപ്പോ ആരു പറയും?നമ്മുടെ ഇടയിലുള്ള പിളർപ്പുകൾ നമുക്ക് തീർക്കാൻ പറ്റില്ലെങ്കിൽ സർക്കാരുമായുള്ള യുദ്ധം എങ്ങനെ നടത്തും? അണക്കെട്ട് എന്ന പ്രശ്നത്തിലാണ് സർവരും ജീവനും ശ്രദ്ധയും കൊടുത്തത്. രണ്ടായിരാമാണ്ടിൽ നമുക്കെതിരായ സുപ്രീം കോടതിവിധി വന്നപ്പോൾ നാം തകരും എന്നെല്ലാവരും കരുതി. എന്നാൽ അത് കഴിഞ്ഞ് 9 വർഷങ്ങൾ കടന്നു പോയപ്പോഴും നാം നമ്മുടെ സമരം തുടരുന്നു. ഇത് വലിയൊരു നേട്ടമല്ലെ? നീതിക്കും സത്യത്തിത്തിനുമായി പോരാടാൻ എൻ ബി എ നമ്മെ പ്രചോദിപ്പിക്കുന്നു. ആവേശം തരുന്നു. ആദിവാസികൾ കരുതുന്നത് സമരമില്ലായിരുന്നെങ്കിൽ സർക്കാർ എന്നേ അവരെ ചവിട്ടിയരച്ച് കൊന്നേനേ എന്നാണ്. സമരം അവരെ പൊതുജനങ്ങൾക്കും ലോകത്തിനും മുൻപിൽ ദൃശ്യരാക്കി. ഇനി അവരെ എളുപ്പത്തിൽ നശിപ്പിക്കാൻ പറ്റില്ല.

എൻ ബി എ യുവാക്കളുടെ സംഘടനയും സമരവേദിയുമാണെന്ന് പറയാതെ വയ്യ, യുവാക്കളാണ് സമരം തുടങ്ങിയതും തുടർന്നു



**എങ്ങനെയാണാളുകൾ സ്വജീവൻ ബലിയർപ്പിക്കാൻ സമ്മതിച്ചത്? തങ്ങൾ മരിച്ചാലും സമരം തുടരും എന്നവർ വിശ്വസിച്ചു. നിരാഹാരം, സത്യഗ്രഹം എന്നിവ ആളുകളുടെ സത്യം, ആത്മാവിന്റെ നന്മ എന്നിവയെ പരീക്ഷിക്കുന്നതായിരുന്നു. സ്ഥലവും ജീവനും എല്ലാം ജലത്തിൽ സമർപ്പിക്കേണ്ടി വന്നാലും നീതിക്കു വേണ്ടി പോരാടാൻ മറ്റുള്ള ആളുകളെ പ്രേരിപ്പിക്കുമല്ലോ എന്നാളുകൾ വിചാരിച്ചു. സമരം സമ്പന്നമായത് അത്തരം മഹാത്മാക്കളായ ഗ്രാമീണർ ഉള്ളത് കൊണ്ട് മാത്രമാണ്.**

കൊണ്ടു പോയതും. ചുറ്റുപാടുമുള്ള ഗ്രാമീണ ആദിവാസി യുവാക്കൾ സർവ്വതും നൽകി പോരാടി. നർമ്മദാ താഴ്‌വരക്കു പുറത്തുള്ളവർ ആത്മസമർപ്പണം നടത്തി സമരം ചെയ്തു. മണിബേലി അനുഭവം എനിക്ക് അതു മനസ്സിലാക്കി തന്നു. എട്ട് ദിവസം ഞാൻ ജയിലിൽ കിടന്നു. അതോടെ ആ പേടിയെ അതിജീവിച്ചു. 1993ൽ ജലസമർപ്പണം പ്രഖ്യാപിച്ചു. സർക്കാരുമായി ഏഴ് വർഷത്തെ നിരന്തരസംവാദത്തെ തുടർന്ന്, ആ കടുത്ത തീരുമാനമെടുക്കേണ്ടി വന്നു.

എങ്ങെനെയാണാളുകൾ സ്വജീവൻ ബലിയർപ്പിക്കാൻ സമ്മതിച്ചത്? തങ്ങൾ മരിച്ചാലും സമരം തുടരും എന്നവർ വിശ്വസിച്ചു. നിരാഹാരം,സത്യഗ്രഹം എന്നിവ ആളുകളുടെ സത്യം, ആത്മാവിന്റെ നന്മ എന്നിവയെ പരീക്ഷിക്കുന്നതായിരുന്നു. സ്ഥലവും ജീവനും എല്ലാം ജലത്തിൽ സമർപ്പിക്കേണ്ടി വന്നാലും നീതിക്കു വേണ്ടി പോരാടാൻ മറ്റുള്ള ആളുകളെ പ്രേരിപ്പിക്കുമല്ലോ എന്നാളുകൾ വിചാരിച്ചു. സമരം സമ്പന്നമായത് അത്തരം മഹാത്മാക്കളായ ഗ്രാമീണർ ഉള്ളത് കൊണ്ട് മാത്രമാണ്.

നിമാഡ് പ്രദേശത്തിനു വലിയ സാമൂഹ്യ രാഷ്ട്രീയ പാരമ്പര്യം ഇല്ല. സ്വാതന്ത്ര്യസമരത്തിലും അങ്ങനെ പങ്കെടുത്തിട്ടില്ല. അതു കൊണ്ട് സമരപ്രസ്ഥാനം പടുത്തുയർത്തുക എളുപ്പമായിരുന്നില്ല. എന്നാലും സമരചരിത്രം പരിശോധിച്ചാൽ നിമാഡ് ജനതയുടെ യഥാർഥമഹത്വം മനസ്സിലാവും.

ഇന്ത്യക്കകത്തും പുറത്തുമുള്ള മറുനാട്ടുകാർ ഈ സമരം അവരുടെ സ്വന്തമായി കണ്ടത്, സഹായിച്ചത് എത്ര അത്ഭുതകരമാണ്.